LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ സർക്കാർ കാലയളവിൽ ഒരേ മരുന്നിന്/മെഡിക്കൽ ഉപകരണത്തിന് മെഡിക്കൽ കോളേജിലെ കാരുണ്യഫാർമസി, മെഡിക്കൽ കോളേജ് പേയിംഗ്കൗണ്ടർ, എസ്.എ.ടി., ഡ്രഗ് ബാങ്ക്, ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ എച്ച്.എൽ.എൽ. ലൈഫ് കെയർ എന്നിവിടങ്ങളിൽ പല വില ഈടാക്കി വന്നിരുന്നത് ഏകീകരിക്കാൻ വേണ്ടി കഴിഞ്ഞ സർക്കാർ 2012 ആഗസ്റ്റ് മാസം ഉത്തരവ് നല്കിയെങ്കിലും ആയത് നടപ്പാക്കിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഉണ്ടെങ്കിൽ ഇതിന് കാരണക്കാരെ കണ്ടെത്തി നിയന്ത്രിക്കാനും മരുന്നുകളും/ഉപകരണങ്ങളും സർക്കാർ നിയന്ത്രണ സ്ഥാപനങ്ങൾ വഴി ഒരേ വിലയ്ക്ക് നല്കാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോർ, സപ്ലൈകോയുടെ കീഴിൽ പ്രവർത്തിക്കുന്ന മാവേലി മെഡിക്കൽ സ്റ്റോർ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസി ഇവയെല്ലാംതന്നെ കാലാകാലങ്ങളിലുള്ള സർക്കാരുകൾ തുടങ്ങിവച്ച ന്യായവില മെഡിക്കൽ സ്റ്റോർ സംരംഭങ്ങളാണ്. ഇവയെല്ലാം തന്നെ വ്യത്യസ്ത മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നതിനാൽ ഇവയുടെ സംഭരണ രീതിയും വിൽപന വില നിശ്ചയിക്കുന്ന രീതിയിലും ഏറ്റക്കുറച്ചിലുകൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സ്ഥാപനങ്ങൾക്ക് ഒരേ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കണമെങ്കിൽ എല്ലാ സ്ഥാപനങ്ങളും ചേർന്ന് ഏകീകൃത സംഭരണ സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. മെഡിക്കൽ സ്റ്റോറുകൾ സ്ഥിതിചെയ്യുന്ന ഇടമനുസരിച്ചാണ് മരുന്നുകളുടെ ആവശ്യകതയിൽ മാറ്റം വരുന്നത്. ആയതിനാൽ ഏകീകൃത സംഭരണ രീതി പൂർണ്ണമായും പ്രായോഗികമല്ല.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ബാധകമല്ല.

### നേമം വിദ്യാധിരാജ ഹോമിയോ മെഡിക്കൽ കോളേജിൽ സി.സി.എച്ച്. സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കിയ തീരുമാനം

233 (1478) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ 2002 മുതൽ സി.സി.എച്ച്. സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിന്, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ആവശ്യമായ കാര്യങ്ങൾ ബോധിപ്പിക്കാതെ നേടിയെടുത്ത കോടതി ഉത്തരവിന്റെ മറവിൽ സർക്കാർ ഖജനാവിന് വൻ സാമ്പത്തിക ബാദ്ധ്യത വരുത്തുന്ന തീരുമാനങ്ങൾ കൈക്കൊണ്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള നടപടികൾക്ക് ആരൊക്കെയാണ് ഉത്തരവാദികൾ ; അവരുടെ പേരിൽ എന്ത് നടപടികൾ സ്വീകരിച്ചു;

(സി) മുൻ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ എന്ന് മുതലാണ് ടി കോളേജിൽ സി.സി.എച്ച്. പാറ്റേൺ നടപ്പാക്കാൻ തീരുമാനിച്ചത്;

(ഡി) സി.സി.എച്ച്. പാറ്റേൺ 2002 മുതൽ നടപ്പാക്കാനുള്ള മുൻകാല പ്രാബല്യം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും നേടിയെടുക്കാൻ ഉണ്ടായ സാഹചര്യം എന്താണ്;

(ഇ) ഇപ്രകാരമൊരു മുൻകാല പ്രാബല്യത്തിന് കോടതി ഉത്തരവ് വരുന്നതിന് മുമ്പ് സർക്കാർ തലത്തിൽ തീരുമാനമെടുത്തിരുന്നോ;

(എഫ്) ഈ കാര്യത്തിൽ ഡിവിഷൻ ബഞ്ചിൽ ഫയൽ ചെയ്ത കേസിൽ മുൻ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് സർക്കാർ താല്പര്യം സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ ഉത്തരവാദികളായവരുടെ പേരിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുമോ ; ഇതുമായി ബന്ധപ്പെട്ട വസ്തുതകൾ വെളിച്ചത്തുകൊണ്ടു വരുന്നതിനുള്ള നടപടികൾക്കും ആവശ്യമായ അന്വേഷണത്തിനും തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ&ബി) ഖജനാവിന് സാമ്പത്തിക ബാധ്യത വരുത്തുന്ന തീരുമാനങ്ങൾ എടുത്തിട്ടില്ല. എന്നാൽ കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തിക ബാധ്യത ഉള്ളതിനാൽ കോടതി വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് കൂടിയ യോഗത്തിന്റെ മിനിട്സിൽ തീയതി പരാമർശിച്ചിട്ടില്ല.

(ഡി) നേമം വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ മാനേജ്മെന്റും ജീവനക്കാരും വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2006 മുതൽ വിവിധ കേസുകൾ ഫയൽ ചെയ്യുകയും 13-3-2015-ൽ സി.സി.എച്ച്. പാറ്റേൺ 2002 മുതൽ മുൻകാലപ്രാബല്യത്തോടെ നടപ്പിലാക്കാൻ പൊതുവിധി ഉണ്ടാകുകയുമാണ് ചെയ്തിട്ടുള്ളത്.

(ഇ) ഇല്ല.

(എഫ്&ജി) അപ്പീലിന്റെ ഭാഗമായി പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly